പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 1068 — 12.06..2014 -ൽ മറുപടിയ്ക്ക്

## സാങ്കേതിക സർവ്വകലാശാല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>„ വർക്കല കഹാർ<br>„ വി. പി. സജീന്ദ്രൻ<br>„ എം. എ. വാഹീദ് | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സാങ്കേതിക സർവ്വകലാശാല ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് ശാസ്ത്ര സാങ്കേതിക സർവ്വകലാശാല രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് 2014 മേയ് 5ന് നമ്പർ.8558/ലെഗ്.ജി 2/2014/നിയമം. പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത സർവ്വകലാശാല ആരംഭിക്കുന്നതിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ് ; | (ബി) ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ മുഖ്യലക്ഷ്യങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ വളർച്ചയ്ക്ക് പ്രസ്തുത നടപടി എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത് ; വിശദമാക്കുമോ ; | (സി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന എഞ്ചനീയറിംഗ് ശാസ്ത്രങ്ങൾ, സാങ്കേതിക ശാസ്ത്രം, മാനേജ്മെന്റ് എന്നീ മേഖലകളിലും, സാങ്കേതിക ശാസ്ത്ര സംബന്ധമായ നയരൂപീകരണത്തിനും സംസ്ഥാനത്തിന്റെ എഞ്ചിനീയറിംഗ് ആസൂത്രണത്തിനും നേതൃത്വം നൽകുന്ന പ്രക്രിയയിലൂടെ സാങ്കേതിക വിദ്യാഭ്യാസം പ്രസ്തുത സർവ്വകലാശാലയുടെ പരിധിയിൽ വരുന്നതാണ്. |

(ഡി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് വളർച്ചയും പുരോഗതിയും കൈവരിക്കാൻ പ്രസ്തുത സർവ്വകലാശാലയുടെ പ്രവർത്തനത്തിലൂടെ കഴിയുന്നതാണ്. ഇതിലേയ്ക്കായി 2014 മേയ് 5 ന് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. സർവ്വകലാശാല രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ ദ്രുതഗതിയിൽ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ

5. <u>സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ.</u>—സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ താഴെ പറയും പ്രകാരം ആയിരിക്കുന്നതാണ്, അതായത്:—

(എ) സാങ്കേതിക ശാസ്ത്ര സംബന്ധമായ നയരൂപീകരണത്തിനും സംസ്ഥാനത്തിന്റെ എഞ്ചിനീയറിംഗ് ആസൂത്രണത്തിനും നേതൃത്വം നൽകുക;

(ബി) എഞ്ചിനീയറിംഗ് ശാസ്ത്രങ്ങൾ, സാങ്കേതികശാസ്ത്രം, മാനേജ്മെന്റ് എന്നിവയിലുള്ള ബിരുദ, ബിരുദാനന്തര ബിരുദ ഗവേഷണ പരിപാടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുക;

(സി) സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള എല്ലാ കോളേജുകളുടെയും അക്കാദമിക നിലവാരം ക്രമപ്പെടുത്തുക;

(ഡി) സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടില്ലാത്തതും എന്നാൽ സംസ്ഥാനത്ത് എഞ്ചിനീയറിംഗ് കോഴ്സുകൾ നടത്തുന്നതുമായ എല്ലാ സ്ഥാപനങ്ങളുടെയും അക്കാദമിക നിലവാരം വിലയിരുത്തുകയും ക്രമപ്പെടുത്തുകയും അവ നിയമാനുസൃതവും സർവ്വകലാശാല പുറപ്പെടുവിക്കുന്ന അങ്ങനെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കും അനുസൃതമായിട്ടാണെന്നും ഉറപ്പുവരുത്തുകയും ചെയ്യുക;

(ഇ) എഞ്ചിനീയറിംഗ് ഗവേഷണം പരിപോഷിപ്പിച്ചുകൊണ്ടും പ്രോത്സാഹിപ്പിച്ചുകൊണ്ടും എഞ്ചിനീയറിംഗ് ശാസ്ത്രങ്ങളുടെയും അനുബന്ധ മേഖലകളിലെയും പഠനവും അറിവും പുരോഗമിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുക;

(എഫ്) എ.ഐ.സി.ടി.ഇ. നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വല്ലതുമുണ്ടെങ്കിൽ അവയ്ക്ക് അനുസൃതമായി പുരോഗതികളെ അടിസ്ഥാനമാക്കി പുതിയ കോഴ്സുകളും പാഠ്യപദ്ധതികളും രൂപപ്പെടുത്തുക;

(ജി) എഞ്ചിനീയറിംഗ് ശാസ്ത്രങ്ങൾ, സാങ്കേതിക ശാസ്ത്രം, മാനേജ്മെന്റ് എന്നീ മേഖലകളിൽ മറ്റ് ദേശീയവും അന്തർദേശീയവുമായ സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുക;

(എച്ച്) എഞ്ചിനീയറിംഗ് ശാസ്ത്രങ്ങൾ, സാങ്കേതിക ശാസ്ത്രം, മാനേജ്മെന്റ് എന്നീ മേഖലകളിലെ അന്തർവിജ്ഞാനശാഖാ വിദ്യാഭ്യാസവും ഗവേഷണവും പ്രോത്സാഹിപ്പിക്കുക;

(ഐ) ദ്രുതഗതിയിൽ വികസിച്ചുകൊണ്ടും മാറിക്കൊണ്ടുമിരിക്കുന്ന സമൂഹത്തിൽ അറിവ് ആർജ്ജിക്കുന്നത് പ്രോത്സാഹിപ്പിക്കുകയും അറിവ് വർദ്ധിപ്പിക്കുന്നതിന് തുടർച്ചയായി അവസരങ്ങൾ നൽകുകയും ചെയ്യുക;

(ജെ) നൂതന കണ്ടെത്തലുകളുടെയും ഗവേഷണത്തിന്റെയും കണ്ടുപിടിത്തത്തിന്റെയും പശ്ചാത്തലത്തിൽ എഞ്ചിനീയറിംഗ് ശാസ്ത്രങ്ങളുമായി ബന്ധപ്പെട്ട വിദ്യാഭ്യാസപരമായ ശൃംഖല സ്ഥാപിച്ച്, അജ്ഞരായ ഒരു സമൂഹത്തിന് യുക്തമായ വൈദഗ്ധ്യം വളർത്തിയെടുക്കുന്നതിനായി ആധുനിക വാർത്താ മാദ്ധ്യമങ്ങളുടെയും സാങ്കേതിക വിദ്യകളുടെയും ഉപയോഗത്തോടെയുള്ള പരിശീലനം നൽകുക;

(കെ) ഗവേഷണങ്ങളും ബന്ധപ്പെട്ട മേഖലകളിലെ മറ്റ് അക്കാദമിക പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിച്ചുകൊണ്ട് തദ്ദേശീയ സാങ്കേതിക വിദ്യയുടെ വികസനത്തിനായി കൂടുതൽ ഊന്നൽ നൽകുക;

(എൽ) എഞ്ചിനീയറിംഗ് ഗവേഷണവും വളർച്ചയും നൂതന കണ്ടെത്തലുകളും അഭിവൃദ്ധിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കോളേജുകളിലും സ്ഥാപനങ്ങളിലും ബിരുദാനന്തര ബിരുദത്തിനും ഗവേഷണ പരിപാടികൾക്കും പേര് ചേർക്കുന്നത് ഗണ്യമായി വർദ്ധിപ്പിക്കുക;

(എം) പ്രത്യേക പ്രതിപാദ്യ മേഖലകളിൽ മൾട്ടിഡിസിപ്ലിനറി അപ്ലൈഡ് ഗവേഷണത്തിനായി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പിന്തുണ നൽകുക;

(എൻ) അക്കാദമിക നിലവാരവും ഫാക്കൽറ്റി നിലവാരവും സ്ഥിരമായും നിരന്തരമായും മെച്ചപ്പെടുത്തുകയും ഉയർത്തുകയും ചെയ്യുന്നതിലൂടെ വിദ്യാർത്ഥികളുടെ പഠന വൈദഗ്ധ്യം മെച്ചപ്പെടുത്തുക;

(ഒ) സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ നൂതന രീതിയിലുള്ള ചിട്ടയായ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ അവതരിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുക;

(പി) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് ശാസ്ത്രങ്ങൾ, സാങ്കേതിക ശാസ്ത്രം, മാനേജ്മെന്റ് എന്നീ മേഖലകളിലെ നൂതന കണ്ടെത്തലുകൾക്കും സ്ഥാപനതല മാനേജ്മെന്റ് പരിപാടികൾക്കും സഹായം നൽകുക;

(ക്യൂ) അനുയോജ്യമായ വ്യാപന പ്രവർത്തനങ്ങളിലൂടെ സാമൂഹിക വികസന പ്രവർത്തനങ്ങൾ അഭിവൃദ്ധിപ്പെടുത്തുക;

(ആർ) സർവ്വകലാശാല അതതു സമയങ്ങളിൽ തീരുമാനിക്കുന്ന അങ്ങനെയുള്ള മറ്റ് ആവശ്യങ്ങൾ.

സെക്ഷൻ ഓഫീസർ